# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4478** — **21/3/2018-ൽ മറുപടിക്ക്**

**ലേബർ റൂമുകളിലെ വൃത്തിയും അനുബന്ധസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ലേബർ റൂമുകളിലെ വൃത്തി, സൗകര്യങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ എന്ന് അറിയിക്കുമോ; | എ) | ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന സർക്കാർ ആശുപത്രികളിൽ ലേബർ റൂം ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും വൃത്തി, സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നു. NABH അക്രഡിറ്റേഷൻ KASH (കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ്) NQAS (നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ്) എന്നിവ നടപ്പാക്കുന്ന ആശുപത്രികളിലാണ് ലേബർ റൂം ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും വൃത്തി, സേവനങ്ങൾ എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുന്നത്.<br>ഇതു കൂടാതെ 'കായകൽപ്പ' പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിലും എല്ലാ വിഭാഗത്തിലെയും, ശുചിത്വം, ഇൻഫെക്ഷൻ കൺട്രോൾ (infection control) എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ആശുപത്രികളിൽ, നഴ്സിംഗ് സൂപ്രണ്ട്, ഹെഡ് നേഴ്സ്, ബന്ധപ്പെട്ട ഡോക്ടർമാർ എന്നിവർ ദിവസവും, ആഴ്ചയിലും ഇത് പരിശോധിക്കാറുണ്ട്. |
| ബി) | ലേബർ റൂമുകളിലെ വൃത്തിയില്ലായ്മ, അസൗകര്യങ്ങൾ, ജീവനക്കാരുടെ മോശമായ സമീപനരീതി എന്നിവയെ കുറിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളെന്തെന്നും വിശദമാക്കുമോ; | ബി) | ഇത്തരത്തിലുള്ള പരാതികൾ ഇടയ്ക്ക് ലഭിക്കാറുണ്ട്.<br>പരാതികൾ ഉയരുമ്പോൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും, നടപടികളും ബന്ധപ്പെട്ട അധികാരികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാറുണ്ട്. |
| സി) | ആശുപത്രികൾ കൂടുതൽ രോഗി-സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | സി) | സർക്കാർ ആശുപത്രികളിലെ ഔട്ട് പേഷ്യന്റ്, ഇൻപേഷ്യന്റ് വിഭാഗങ്ങൾ ആവശ്യമായ മാനദണ്ഡങ്ങളോടെ രോഗി സൗഹൃദം ആക്കുകയെന്നതാണ് ആർദ്രം മിഷന്റെ പ്രധാന ഉദ്ദേശം. ഇതിനായി ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. |

അതോടൊപ്പം ജില്ലാ താലൂക്ക് തല ആശുപത്രികളിൽ അധിക തസ്തിക സൃഷ്ടിച്ച് ആവശ്യമായ അധിക സ്റ്റാഫിനെ നിയമിച്ചും സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടും നിശ്ചിത മാനദണ്ഡങ്ങളോടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കാനും ലക്ഷ്യമിടുന്നു. ആശുപത്രികൾ കൂടുതൽ രോഗീ-സൗഹൃദമാക്കുന്നതിനോടനുബന്ധിച്ച് 14 താലൂക്ക് ആശുപത്രികളിൽ ഒ.പി ട്രാൻസ്ഫർമേഷൻ നടത്തുന്നതിനായി 21,17,15,500 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി പൊതുമേഖലാ ചികിത്സാ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ എല്ലാ-തരത്തിലും ശക്തിപ്പെടുത്താനും പ്രവർത്തന മേഖല വിപുലപ്പെടുത്താനും ഇതിലൂടെ ലക്ഷ്യമിടുന്നു. ഒരു കുടുംബത്തിലെ എല്ലാ പ്രധാന പ്രാഥമികാരോഗ്യ പരിചരണ കാര്യങ്ങളും ചിട്ടയായി ചെയ്യാനാവുന്ന, തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്നതും ഇതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇതിലേയ്ക്കായി ആവശ്യമായ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതും സൗകര്യങ്ങൾ ഒരുക്കുന്നതും എല്ലാ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിലും ചികിത്സാ മാർഗ്ഗ രേഖകളുടെയും പ്രോട്ടോക്കോളുകളുടെയും അടിസ്ഥാനത്തിൽ ചികിത്സകൾ ശാസ്ത്രീയമായ രീതിയിൽ ക്രമീകരിക്കാനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു. ഇതോടൊപ്പം തന്നെ ആരോഗ്യരംഗത്തിന്റെ മികച്ച പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുക എന്നതും ആർദ്രം ദൗത്യത്തിലൂടെ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**